# 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2019 നവംബർ 8-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

1161/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1 | സമിതിയുടെ ഘടന .. | v |
| 2. | റിപ്പോർട്ട് .. | 1 |
| 3. | അനുബന്ധം : | |
| | I. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ .. | 5 |

# സബ്ജക്ട് കമ്മിറ്റി XIV
## (ആഭ്യന്തരകാര്യങ്ങൾ)
## (2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>പ്രത്യേക ക്ഷണിതാവ്</u> :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ഡോ. എം. കെ. മുനീർ

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. രാജു, കെ. എ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്)

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കായി അയച്ച 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ (ബിൽ നമ്പർ 224), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ, 2019 ഒക്ടോബർ 25-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ച ഈ ബിൽ 2019 ഒക്ടോബർ 31-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു.

3. 2019 നവംബർ 7-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## 1-ാം ഖണ്ഡം

(2)-ാം ഉപഖണ്ഡത്തിൽ, '3 എ യും 5എ യും' എന്ന അക്കങ്ങൾക്കും അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം '4-ഉം 7-ഉം' എന്ന അക്കങ്ങളും ചിഹ്നങ്ങളും അക്ഷരങ്ങളും ചേർക്കേണ്ടതാണ്.

## 2-ാം ഖണ്ഡം

(1) (എ) ഇനത്തിൽ 'ഏതു പേരിൽ വിളിക്കുന്ന' എന്ന വാക്കുകൾക്ക് പകരം 'മറ്റേതൊരു പേരിലും അറിയപ്പെടുന്ന' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (സി) ഉപഖണ്ഡത്തിൽ "പ്രിവൻഷൻ ഓഫ് ഡാമേജ് ടു പബ്ലിക് പ്രോപ്പർട്ടി" എന്ന വാക്കുകൾക്കുപകരം "പൊതുസ്വത്ത് നാശനഷ്ടപ്പെടുത്തുന്നത് തടയൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## 3-ാം ഖണ്ഡം

'ഏതു പേരിൽ വിളിക്കുന്ന' എന്ന വാക്കുകൾക്ക് പകരം "മറ്റേതൊരു പേരിലും അറിയപ്പെടുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3 എ ഖണ്ഡം

(1) '3 എ' എന്നത് '4' എന്ന് പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത് 4-ാം ഖണ്ഡത്തിൽ '65 ക, 65 ഖ' എന്ന അക്കങ്ങൾക്കും അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം '65 എ, 65 ബി' എന്ന അക്കങ്ങളും അക്ഷരങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(2) 'ഏതെങ്കിലും നടപടിക്രമങ്ങളിൽ' എന്ന വാക്കുകൾക്ക് പകരം 'ഏതൊരു നടപടിക്രമങ്ങളിലും' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4-ാം ഖണ്ഡം

(1) 4-ാം ഖണ്ഡം 5-ാം ഖണ്ഡം എന്ന് പുനരക്കം ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുനരക്കം ചെയ്ത 5-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

5. നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്നതിനുള്ള ശിക്ഷ—നാശനഷ്ടമുണ്ടാക്കുന്ന ഒരു പ്രവൃത്തി ചെയ്യുന്ന ഏതൊരാളെയും കുറ്റസ്ഥാപനത്തിന്മേൽ അഞ്ച് വർഷം വരെയാകാവുന്ന തടവും പിഴയും നൽകി ശിക്ഷിക്കേണ്ടതാണ്.

5-ാം ഖണ്ഡം

(1) 5-ാം ഖണ്ഡം 6-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുനരക്കം ചെയ്ത 6-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

6. തീ കൊണ്ടോ സ്ഫോടകവസ്തു കൊണ്ടോ നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്നതിനുള്ള ശിക്ഷ.—തീ കൊണ്ടോ സ്ഫോടകവസ്തു കൊണ്ടോ നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്ന ഏതൊരാളെയും കുറ്റസ്ഥാപനത്തിന്മേൽ പത്ത് വർഷം വരെ ആകാവുന്നതും എന്നാൽ അഞ്ച് വർഷത്തിൽ കുറയാൻ പാടില്ലാത്തതുമായ കഠിന തടവും പിഴയും നൽകി ശിക്ഷിക്കേണ്ടതാണ്.

5 എ ഖണ്ഡം

(1) 5-എ ഖണ്ഡം 7-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുനരക്കം ചെയ്ത 7-ാം ഖണ്ഡത്തിൽ "അനുവദിക്കേണ്ടതല്ലാത്തതും" എന്ന വാക്കുകൾക്ക് പകരം "ലഭിക്കാത്തതും" എന്ന വാക്കുകൾ മാർജിനൽ ശീർഷകത്തിലും ഖണ്ഡത്തിലും ചേർക്കേണ്ടതാണ്.

6-ാം ഖണ്ഡം

(1) 6-ാം ഖണ്ഡം 8-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുനരക്കം ചെയ്ത 8-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

8. ജാമ്യം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.— 5-ാം വകുപ്പിൻ കീഴിലോ 6-ാം വകുപ്പിൻ കീഴിലോ കുറ്റാരോപിതനായ യാതൊരാളെയും രണ്ട് ജാമ്യക്കാർ ബോണ്ട് വെച്ചുകൊണ്ടും, പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി തീരുമാനിച്ചേയ്ക്കാവുന്ന, നശിപ്പിക്കപ്പെട്ടതോ നാശനഷ്ടമുണ്ടാക്കപ്പെട്ടതോ ആയ സ്വത്തിന്റെ മൂല്യത്തിന്റെ ഒന്നു പകുതിയിൽ കുറയാതെയുള്ള തുക കോടതിയിൽ കെട്ടി വെച്ചുകൊണ്ടോ അല്ലെങ്കിൽ പ്രസ്തുത തുകയ്ക്ക് ബാങ്ക് ഗ്യാരണ്ടി നൽകിക്കൊണ്ടോ അങ്ങനെയുള്ള മോചനത്തിനായുള്ള അപേക്ഷ എതിർക്കുന്നതിന് പ്രോസിക്യൂഷന് ഒരു അവസരം നൽകാതെ ജാമ്യത്തിൽ മോചിപ്പിക്കുവാൻ പാടുള്ളതല്ല.

7-ാം ഖണ്ഡം

(1) 7-ാം ഖണ്ഡം 9-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുനരക്കം ചെയ്ത 9-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

9. നഷ്ടപരിഹാരം നിശ്ചയിക്കൽ.—ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റത്തിന് കുറ്റസ്ഥാപനത്തിന്മേൽ കോടതി ശിക്ഷാവിധി ചുമത്തുമ്പോൾ കുറ്റം ചെയ്തത് മൂലം ഏതെങ്കിലും ആൾക്കോ സംഘടനയ്ക്കോ സ്ഥാപനത്തിനോ അസ്തിത്വത്തിനോ എന്തെങ്കിലും നാശനഷ്ടത്തിനോ നഷ്ടത്തിനോ നശീകരണത്തിനോ ഉണ്ടായ നഷ്ടം സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥൻ അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫാറത്തിലും നൽകുന്ന ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവിടേണ്ടതും അങ്ങനെയുള്ള നഷ്ടപരിഹാരം 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരമോ അല്ലെങ്കിൽ 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിലെ (1968-ലെ 15) വ്യവസ്ഥകൾ പ്രകാരം ഭൂമിയിന്മേലുള്ള പൊതുനികുതി കുടിശ്ശിക എന്ന പോലെയോ ഈടാക്കാവുന്നതുമാണ്.

8-ാം ഖണ്ഡം

(1) 8-ാം ഖണ്ഡം 10-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുനരക്കം ചെയ്ത 10-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

"10. ഒഴിവാക്കൽ.— ഈ ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അതിന് ഭംഗം വരാതെയും ആയിരിക്കുന്നതാണ്."

9-ാം ഖണ്ഡം

9-ാം ഖണ്ഡം 11-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

10-ാം ഖണ്ഡം

10-ാം ഖണ്ഡം 12-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.

പിണറായി വിജയൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2019, നവംബർ 7.

അനുബന്ധം I

# 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചിരിക്കുന്നതും വശത്ത് വരച്ചതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.]

## നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തികൾമൂലം സ്വകാര്യ സ്വത്തിന് ഇടയ്ക്കിടെയുണ്ടാകുന്നതും വ്യാപകവുമായ നാശനഷ്ടം തടയുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തികൾമൂലം സ്വകാര്യ സ്വത്തിന് ഇടയ്ക്കിടെയുണ്ടാകുന്നതും വ്യാപകവുമായ നാശനഷ്ടം തടയുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 4 ഉം 7 ഉം വകുപ്പുകൾ 2019 ജൂലൈ 6-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വ്യവസ്ഥകൾ 2019 ജനുവരി 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി" എന്നാൽ വർഗ്ഗീയ ലഹള, ഹർത്താൽ, ബന്ദ്, പ്രകടനം, മാർച്ച്, ഘോഷയാത്ര, റോഡ് ഗതാഗതം തടയൽ അല്ലെങ്കിൽ മറ്റേതൊരു പേരിലും അറിയപ്പെടുന്ന, അതു പോലെയുള്ള സംഘം ചേരൽ മൂലം ഏതെങ്കിലും വ്യക്തിയോ, വ്യക്തികളുടെ കൂട്ടമോ; സാമൂഹികമോ മതപരമോ രാഷ്ട്രീയമോ ആയ സംഘടനയോ ഏതെങ്കിലും സ്വകാര്യസ്വത്തിന് നാശനഷ്ടമോ നഷ്ടമോ നശീകരണമോ ഉണ്ടാക്കുന്ന ഒരു പ്രവൃത്തി എന്നർത്ഥമാകുന്നു;

(ബി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(സി) "സ്വകാര്യസ്വത്ത്" എന്നാൽ 1984-ലെ പൊതുസ്വത്ത് നാശനഷ്ടപ്പെടുന്നത് തടയൽ ആക്റ്റിൻ (1984-ലെ 3-ാം കേന്ദ്ര ആക്റ്റ്) കീഴിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള, പൊതുസ്വത്ത് അല്ലാതെയുള്ള, ഏതെങ്കിലും ആളുടെയോ സംഘടനയുടെയോ സ്ഥാപനത്തിന്റെയോ അസ്തിത്വത്തിന്റെയോ ഉടമസ്ഥതയിലോ കൈവശത്തിലോ നിയന്ത്രണത്തിൻ കീഴിലോ ഉള്ള, ഏതെങ്കിലും യന്ത്രസാമഗ്രി ഉൾപ്പെടെയുള്ള, സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും സ്വത്ത് എന്നർത്ഥമാകുന്നു.

3. നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തികളുള്ള നിരോധനം.—വർഗ്ഗീയ ലഹളയിലോ, ഹർത്താലിലോ, ബന്ദിലോ, പ്രകടനത്തിലോ, മാർച്ചിലോ, ഘോഷയാത്രയിലോ, റോഡ് ഗതാഗതം തടയലിലോ അല്ലെങ്കിൽ മറ്റേതൊരു പേരിലും അറിയപ്പെടുന്ന, അതുപോലെയുള്ള സംഘം ചേരലിലോ പങ്കെടുക്കുന്ന യാതൊരാളും നാശനഷ്ടമുണ്ടാക്കുന്ന എന്തെങ്കിലും പ്രവൃത്തി ചെയ്യാൻ പാടുള്ളതല്ല.

4. പോലീസിന് വീഡിയോ റെക്കോർഡിംഗ് ചെയ്യാമെന്ന്.—ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റം ചെയ്യുന്നത് പോലീസിന് വീഡിയോ റെക്കോർഡിംഗ് ചെയ്യാവുന്നതും അങ്ങനെയുള്ള വീഡിയോ റെക്കോർഡിംഗ് 1872-ലെ ഇൻഡ്യൻ തെളിവ് നിയമത്തിലെ (1872-ലെ 1-ാം കേന്ദ്ര ആക്റ്റ്) 65 എ, 65 ബി എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏതൊരു നടപടിക്രമങ്ങളിലും സ്വീകാര്യമായിരിക്കുന്നതുമാണ്.

5. നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്നതിനുള്ള ശിക്ഷ.—നാശനഷ്ടമുണ്ടാക്കുന്ന ഒരു പ്രവൃത്തി ചെയ്യുന്ന ഏതൊരാളെയും കുറ്റസ്ഥാപനത്തിന്മേൽ അഞ്ച് വർഷം വരെയാകാവുന്ന തടവും പിഴയും നൽകി ശിക്ഷിക്കേണ്ടതാണ്.

6. തീ കൊണ്ടോ സ്ഫോടക വസ്തു കൊണ്ടോ നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്നതിനുള്ള ശിക്ഷ.—തീ കൊണ്ടോ സ്ഫോടകവസ്തു കൊണ്ടോ നാശനഷ്ടമുണ്ടാക്കുന്ന ഒരു പ്രവൃത്തി ചെയ്യുന്ന ഏതൊരാളെയും കുറ്റസ്ഥാപനത്തിന്മേൽ പത്ത് വർഷംവരെ ആകാവുന്നതും എന്നാൽ അഞ്ച് വർഷത്തിൽ കുറയാൻ പാടില്ലാത്തതുമായ കഠിന തടവും പിഴയും നൽകി ശിക്ഷിക്കേണ്ടതാണ്.

7. കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം ലഭിക്കാത്തതും ആയിരിക്കുമെന്ന്.—ഈ ആക്റ്റിൻ കീഴിൽ ഉള്ള കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം ലഭിക്കാത്തതും ആയിരിക്കുന്നതാണ്.

8. ജാമ്യം സംബന്ധിച്ച് പ്രത്യേക വ്യവസ്ഥ.—5-ാം വകുപ്പിൻ കീഴിലോ 6-ാം വകുപ്പിൻ കീഴിലോ കുറ്റാരോപിതനായ യാതൊരാളെയും രണ്ട് ജാമ്യക്കാർ ബോണ്ട് വെച്ചുകൊണ്ടും, പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി തീരുമാനിച്ചേക്കാവുന്ന, നശിപ്പിക്കപ്പെട്ടതോ നാശനഷ്ടമുണ്ടാക്കപ്പെട്ടതോ ആയ സ്വത്തിന്റെ മൂല്യത്തിന്റെ ഒന്നു പകുതിയിൽ കുറയാതെയുള്ള തുക കോടതിയിൽ കെട്ടി വെച്ചുകൊണ്ടോ അല്ലെങ്കിൽ പ്രസ്തുത തുകയ്ക്ക് ബാങ്ക് ഗ്യാരണ്ടി നൽകിക്കൊണ്ടോ അങ്ങനെയുള്ള മോചനത്തിനായുള്ള അപേക്ഷ എതിർക്കുന്നതിന് പ്രോസിക്യൂഷന് ഒരു അവസരം നൽകാതെ ജാമ്യത്തിൽ മോചിപ്പിക്കുവാൻ പാടുള്ളതല്ല.

9. നഷ്ടപരിഹാരം നിശ്ചയിക്കൽ.—ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റത്തിന് കുറ്റസ്ഥാപനത്തിന്മേൽ കോടതി ശിക്ഷാവിധി ചുമത്തുമ്പോൾ കുറ്റം ചെയ്തത് മൂലം ഏതെങ്കിലും ആൾക്കോ സംഘടനയ്ക്കോ സ്ഥാപനത്തിനോ അസ്തിത്വത്തിനോ എന്തെങ്കിലും നാശനഷ്ടത്തിനോ നഷ്ടത്തിനോ നശീകരണത്തിനോ ഉണ്ടായ നഷ്ടം സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥൻ അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫാറത്തിലും നൽകുന്ന ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവിടേണ്ടതും അങ്ങനെയുള്ള നഷ്ടപരിഹാരം 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരമോ അല്ലെങ്കിൽ 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിലെ (1968-ലെ 15) വ്യവസ്ഥകൾ പ്രകാരമോ ഭൂമിയിന്മേലുള്ള പൊതുനികുതി കുടിശ്ശിക എന്ന പോലെയോ ഈടാക്കാവുന്നതുമാണ്.

10. ഒഴിവാക്കൽ.— ഈ ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അതിന് ഭംഗം വരാതെയും ആയിരിക്കുന്നതാണ്.

11. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി, മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ

ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

12. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ഓർഡിനൻസ് (2019-ലെ 33) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2019 നവംബർ 7.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*